പി വൈ പി എ കേരളാ സ്റ്റേറ്റ്
2026 -2029



പ്രസിഡന്റ്
ജസ്റ്റിൻ
നെടുവേലിൽ
(പത്തനംതിട്ട)



വൈസ് പ്രസിഡന്റ്
സന്ദീപ്
വിളമ്പുകണ്ടം
(മലബാർ)



വൈസ് പ്രസിഡന്റ്
ഇവാ. അഡ്വ.
ജോൺലി ജോഷി
(ഇടുക്കി)



സെക്രട്ടറി
ലിജോ
സാമൂവേൽ
(കൊട്ടാരക്കര)



ജോയിന്റ് സെക്രട്ടറി
ബേസിൽ
ബേബി
(എറണാകുളം)



ജോയിന്റ് സെക്രട്ടറി
മാത്യു കെ.
വർഗീസ്
(തിരുവനന്തപുരം)



ട്രഷറർ
ആശിഷ്
വർഗീസ്
(ആലപ്പുഴ)



പബ്ലിസിറ്റി കൺവീനർ
ഫിന്നി മാത്യു
(കോട്ടയം)



IPC KERALA STATE EXECUTIVES

BINU V. GEORGE
STATE TREASURER

PR DANIEL KONNANILKKUNNATHIL
STATE SECRETARY

PR. K C THOMAS
STATE PRESIDENT

PR SHIBU NEDUVELIL
STATE VICE PRESIDENT

PR K C OOMMEN
STATE JOINT SECRETARY

GLADSON JACOB
STATE JOINT SECRETARY

പ്രസിഡന്റിന്റെ സന്ദേശം

യുവത്വം ഉണർന്നാൽ ചരിത്രം രചിക്കും

ഏറ്റവും പ്രിയപ്പെട്ട എന്റെ പി.വൈ.പി.എ പ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ സ്നേഹവന്ദനം

80ന്റെ ചെറുപ്പത്തിലേക്ക് അടുക്കുകയാണ് നമ്മുടെ പി വൈ പി എ. കഴിഞ്ഞ നാളുകളിൽ നമ്മുടെ പ്രസ്ഥാനത്തിന് സാരഥ്യം അരുളിയ, ചുക്കാൻ പിടിച്ച എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

അടുത്ത കാലത്ത് നടന്ന ചില യുവജന മുന്നേറ്റങ്ങൾ നമ്മുടെ രാഷ്ട്രീയ സാമൂഹിക തലങ്ങളിൽ വരുത്തിയ വിപ്ലവകരമായ മാറ്റങ്ങൾ നമ്മൾ കണ്ടതാണ്. അങ്ങനെ എങ്കിൽ നമ്മുടെ തലമുറയും ആത്മീയമായി ഉണരേണ്ട സമയം ആസന്നമായിരിക്കുകയാണ്.
ഓരോ തലമുറയുടെയും ഭാവി നിർണയിക്കുന്നത് അതിന്റെ യുവത്വമാണ്. ചരിത്രത്തിലെ എല്ലാ ആത്മീയ ഉണർവുകളുടെയും, സാമൂഹിക നവോത്ഥാനങ്ങളുടെയും, സുവിശേഷ മുന്നേറ്റങ്ങളുടെയും പിന്നിൽ ദൈവവിളിയോട് പ്രതികരിച്ച ഒരു യുവതലമുറ ഉണ്ടായിരുന്നു.
"അവർ കാലത്തെ പിന്തുടർന്നില്ല; പക്ഷെ കാലത്തെ നയിച്ചു. അവർ ചരിത്രം വായിച്ചില്ല; പക്ഷെ ചരിത്രം രചിച്ചു".

ഇന്നും ദൈവം ഒരു യുവതലമുറയെ അന്വേഷിക്കുകയാണ്. സ്വന്തം കംഫർട്ട് സോൺ നോക്കി മാത്രം ജീവിക്കുന്നവരെ അല്ല മറിച്ച് വിശുദ്ധ ജീവിതം നയിക്കാൻ തീക്ഷണത ഉള്ളവരെയാണ് ദൈവം തിരയുന്നത്. സത്യത്തെ സ്നേഹിക്കുന്നവരെയും, ദൈവരാജ്യത്തെ മുൻനിർത്തുന്നവരെയും, പരിശുദ്ധാത്മാവിന്റെ ശബ്ദത്തിന് ചെവികൊടുക്കുന്നവരെയുമാണ് ദൈവം ഉപയോഗിക്കുന്നത്.

"ഉറങ്ങുന്നവനേ, ഉണരുക; മരിച്ചവരുടെ ഇടയിൽനിന്ന് എഴുന്നേൽക്കുക; എന്നാൽ ക്രിസ്തു നിനക്കു പ്രകാശം നൽകും." (എഫെസ്യർ 5:14)

ഈ വചനം ഒരു ആഹ്വാനമാണ്. ആത്മീയ അലസതയിൽനിന്ന് ഉണരാനുള്ള ആഹ്വാനം. പ്രാർത്ഥനയിൽ ഉണരാൻ, വചനത്തിൽ മുഴുകാൻ, വിശുദ്ധിയിൽ ഉറച്ചുനിൽക്കാൻ, സുവിശേഷത്തിനായി ജ്വലിക്കുവാൻ, സമൂഹത്തിൽ ക്രിസ്തുവിന്റെ സാക്ഷികളാകാൻ ഉള്ള ദൈവത്തിന്റെ വിളിയാണ് ഇത്.

ഇന്നത്തെ ലോകം കഴിവുള്ള യുവാക്കളെ മാത്രം അന്വേഷിക്കുന്നില്ല; സ്വഭാവശുദ്ധിയുള്ള യുവാക്കളെയും അന്വേഷിക്കുന്നു. അറിവുള്ളവരെ മാത്രം അല്ല, ആത്മാഭിഷേകം പ്രാപിച്ചവരെയും കാത്തിരിക്കുന്നു. ദൈവഹിതത്തിനായി സമർപ്പിക്കപ്പെട്ട ഒരു യുവജീവിതം ഒരു തലമുറയെ തന്നെ മാറ്റിമറിക്കാൻ കഴിയും.

പി.വൈ.പി.എ വെറും ഒരു യുവജനസംഘടനയല്ല; ദൈവം ഈ തലമുറയ്ക്കായി ഒരുക്കിയ ഒരു പ്രസ്ഥാനമാണ്. ഇവിടെ യുവജനങ്ങൾ പരിശീലിക്കപ്പെടുന്നു, നേതാക്കൾ രൂപപ്പെടുന്നു, ശുശ്രൂഷകർ ഉയർത്തപ്പെടുന്നു, ദൈവരാജ്യത്തിനായി സമർപ്പിതരായ ജീവിതങ്ങൾ വാർത്തെടുക്കപ്പെടുന്നു. ഈ മഹത്തായ ദൗത്യത്തിൽ ഓരോ യുവതി യുവാക്കളും പങ്കാളികളാകണമെന്ന് ഞാൻ ഹൃദയപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഈ കാലഘട്ടം ആവശ്യപ്പെടുന്നത് നിങ്ങളുടെ ആത്മീയ ഉണർവാണ്. നിങ്ങൾ ഉണർന്നാൽ കുടുംബങ്ങൾ മാറും. സഭകൾ ഉണരും. സമൂഹം സ്വാധീനിക്കപ്പെടും. രാജ്യത്തിന്റെ ആത്മീയ ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ എഴുതപ്പെടും.

അതുകൊണ്ട് നമുക്ക് ഒന്നിച്ചുചേർന്ന് പ്രാർത്ഥിക്കാം, ഒരുമിച്ച് മുന്നേറാം,
വിശുദ്ധിയിൽ നടക്കാം, സുവിശേഷത്തിനായി ധൈര്യത്തോടെ നിലകൊള്ളാം.
വരുംതലമുറകൾ അഭിമാനത്തോടെ ഓർക്കുന്ന ഒരു ആത്മീയ
പാരമ്പര്യം നമുക്ക് സൃഷ്ടിക്കാം.

യുവത്വം ഉണർന്നാൽ സഭ ഉണരും,
ദേശം ഉണരും ; പുതുചരിത്രം എഴുതപ്പെടും!!!

കർത്താവ് ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടും പ്രാർത്ഥനയോടും കൂടി,
നിങ്ങളുടെ കൂട്ടുസഹോദരൻ,



ജസ്റ്റിൻ നെടുവേലിൽ
പ്രസിഡന്റ്
കേരള സ്റ്റേറ്റ് പി.വൈ.പി.എ
2026–2029

ഒന്നിച്ചുചേരാം; പ്രവർത്തനങ്ങളിലൂടെ മാതൃകയാകാം

പ്രിയപ്പെട്ട പി.വൈ.പി.എ. സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

പി.വൈ.പി.എ. കേരള സ്റ്റേറ്റിന്റെ 2026–2029 പ്രവർത്തനകാലയളവ് കേവലം പരിപാടികളുടെ ഒരു നിരയാകാതെ, ഓരോ യുവജനത്തെയും തിരുവചനത്തിൽ ഉറപ്പിക്കുകയും ക്രിസ്തുവിൽ ശക്തരാക്കുകയും അവരുടെ ദൈവദത്തമായ കഴിവുകളെ കണ്ടെത്തി സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുന്നവരാക്കി മാറ്റുകയും ചെയ്യുന്ന ഒരു മുന്നേറ്റമായി മാറണമെന്നാണ് നമ്മുടെ ആഗ്രഹം.

ഈ ഭരണസമിതിയുടെ ആദ്യ **സംസ്ഥാന ക്യാമ്പിന് മലബാറിന്റെ മണ്ണായ കോഴിക്കോട് വേദിയാകുന്നു. പി.വൈ.പി.എ. കേരള സ്റ്റേറ്റിന്റെ 79-ാമത് സംസ്ഥാന ക്യാമ്പായ "ENROUTE – SEASON 4" കോഴിക്കോട്** സംഘടിപ്പിക്കുന്നതിലൂടെ മലബാർ മേഖലയിലെ യുവജനങ്ങളെ സംസ്ഥാന പ്രവർത്തനങ്ങളോടൊപ്പം കൂടുതൽ ചേർത്തുനിർത്തുവാനും, കേരളത്തിന്റെ തെക്കുമുതൽ വടക്കുവരെ ഐക്യത്തിന്റെയും ആത്മീയ ഉണർവിന്റെയും പുതിയൊരു യാത്ര ആരംഭിക്കുവാനുമാണ് നാം ആഗ്രഹിക്കുന്നത്.

മുൻ ഭരണസമിതിയുടെ കാലഘട്ടത്തിൽ ചരിത്രവിജയമായി മാറിയ "**അറിവ്**" ബൈബിൾ ക്വിസ് കൂടുതൽ വിപുലമായി തുടരും. കേരളത്തിലെ പെന്തെക്കോസ്ത് ചരിത്രത്തിലെ ഏറ്റവും വലിയ ബൈബിൾ ക്വിസ് സമ്മാനത്തുക വാഗ്ദാനം ചെയ്ത ഈ സംരംഭത്തിന്റെ യഥാർത്ഥ ലക്ഷ്യം മത്സരവിജയം മാത്രമല്ല; യുവജനങ്ങളെ ദൈവവചനത്തിന്റെ ആഴങ്ങളിലേക്ക് നയിക്കുകയും തിരുവചനാധിഷ്ഠിതമായ ജീവിതത്തിനായി സജ്ജരാക്കുകയും ചെയ്യുക എന്നതാണ്.

യുവജനങ്ങളുടെ കലാ, സാഹിത്യ, സംഗീത, പ്രസംഗ, ബൈബിൾ പരിജ്ഞാന കഴിവുകൾ കണ്ടെത്തി വളർത്തുന്ന താലന്ത് പരിശോധനയായ "**മികവ്**", കായികശേഷിയും അച്ചടക്കവും ഐക്യവും കൂട്ടായ്മയും വളർത്തുന്ന കായികമേളയായ "**കഴിവ്**" എന്നിവയും കൂടുതൽ പുതുമകളോടെ തുടരും. വിജയികളെ മാത്രം കണ്ടെത്തുകയല്ല, അവസരം ലഭിക്കാതെ പിന്നിൽ നിൽക്കുന്നവരെ കണ്ടെത്തി ആത്മവിശ്വാസത്തോടെ മുന്നോട്ടുകൊണ്ടുവരികയാണ് നമ്മുടെ ദൗത്യം.

പി.വൈ.പി.എ. കേരള സ്റ്റേറ്റിന്റെ ഭവനനിർമാണ പദ്ധതിയായ "**സ്നേഹക്കൂട്**" കാരുണ്യപ്രവർത്തനങ്ങളുടെ ശക്തമായ സാക്ഷ്യമായി തുടരും. നിലവിൽ മാരാമണ്ണിൽ ഭവനനിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഭവനനിർമാണ സഹായത്തോടൊപ്പം വിദ്യാഭ്യാസം, ചികിത്സ, അടിയന്തര ദുരിതാശ്വാസം തുടങ്ങിയ മേഖലകളിലും ആവശ്യക്കാരോടൊപ്പം നിൽക്കുവാൻ നാം പരിശ്രമിക്കും. ക്രിസ്തുവിന്റെ സ്നേഹം പ്രസംഗങ്ങളിൽ മാത്രമല്ല, പ്രവർത്തനങ്ങളിലൂടെ സമൂഹം അനുഭവിക്കണം.

കാലത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനായി നേതൃത്വപരിശീലനം, കരിയർ ഗൈഡൻസ്, മെന്റർഷിപ്പ്, കൗൺസലിംഗ്, ലഹരിവിരുദ്ധ ബോധവത്കരണം, മീഡിയ-ടെക്നോളജി പരിശീലനം, മിഷൻ-സുവിശേഷീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ പുതിയ സംരംഭങ്ങളും നടപ്പിലാക്കുവാൻ ആഗ്രഹിക്കുന്നു. പ്രവർത്തനരീതികളിൽ പുതുമ കൊണ്ടുവരുമ്പോഴും നമ്മുടെ അടിത്തറ തിരുവചനവും ലക്ഷ്യം ക്രിസ്തുവിന്റെ മഹത്വവും ആയിരിക്കും.

പി.വൈ.പി.എ.യിലെ യുവജനങ്ങൾ കാഴ്ചക്കാരല്ല; ഈ പ്രസ്ഥാനത്തിന്റെ ശക്തിയും സഹയാത്രികരുമാണ്. ഓരോ യുവജനത്തിന്റെയും ആശയത്തിനും കഴിവിനും പ്രവർത്തനത്തിനും ഇവിടെ സ്ഥാനമുണ്ടായിരിക്കും. നിരാശയിലായവരെ പ്രത്യാശയിലേക്കും, ആത്മവിശ്വാസക്കുറവുള്ളവരെ ധൈര്യത്തിലേക്കും, അവസരം ലഭിക്കാത്തവരെ പ്രവർത്തനവേദികളിലേക്കും നയിക്കുന്ന ഒരു കരുതലിന്റെ പ്രസ്ഥാനമായി നമുക്ക് ഒരുമിച്ച് മുന്നേറാം.

ENROUTE-ലൂടെ ഒരുമിക്കാം;
"അറിവി"ലൂടെ വചനത്തിൽ വളരാം;
"മികവി"ലൂടെ താലന്തുകൾ ഉയർത്താം;
"കഴിവി"ലൂടെ കരുത്തും ഐക്യവും നേടാം;
"സ്നേഹക്കൂടി"ലൂടെ ക്രിസ്തുവിന്റെ സ്നേഹം പങ്കുവയ്ക്കാം.

നമുക്ക് ഒന്നിച്ചുചേരാം, ഒരുമിച്ച് പ്രാർത്ഥിക്കാം,
പ്രവർത്തനങ്ങളിലൂടെ മാതൃകയാകാം.
സ്നേഹപൂർവം

ലിജോ ശമുവേൽ
സംസ്ഥാന സെക്രട്ടറി
പി.വൈ.പി.എ. കേരള സ്റ്റേറ്റ്
2026–2029

